കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂൺ 27
കാസർകോട് ബുധൻ

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## യോഗ ഇൻസ്റ്റിറ്റ്യൂട്ട്: കരിന്തളത്ത് 15 ഏക്കർ ഭൂമി പാട്ടത്തിന് അനുവദിക്കാൻ മന്ത്രിസഭാ തീരുമാനം

യോഗ ആന്റ് നാചറോപ്പതി പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കാസർകോട് ജില്ലയിലെ കരിന്തളം വില്ലേജിൽ പതിനഞ്ച് ഏക്കർ ഭൂമി പാട്ടത്തിന് അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. നൂറ് കിടക്കകളുള്ള ആശുപത്രി ഉൾപ്പടുന്നതാണ് നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട്. സെൻട്രൽ കൗസിൽ ഫോർ റിസേർച്ച് ഇൻ യോഗ ആന്റ് നാചറോപ്പതിയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്.

ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത വസ്തുക്കളായ ഈറ്റ, മുള,യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ ടണ്ണിന് ആയിരം രൂപ നിരക്കിൽ 2017-18, 2018-19 വർഷങ്ങളിലും പ്രത്യേക കേസായി അനുവദിക്കാൻ തീരുമാനിച്ചു. പൊതുമേഖലാസ്ഥാപനമായ ട്രാൻസ്ഫോർമേർസ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിഡറ്റിലെ ഓഫീസർമാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കാനും മന്ത്രിസഭ അനുമതി നൽകി.

പുതുതായി ആരംഭിക്കുന്ന പോലീസ് സ്റ്റേഷനുകളായ മേൽപ്പറമ്പ് (കാസർകോട്), മട്ടന്നൂർ എയർപോർട്ട് (കണ്ണൂർ), ഇലവുംതിട്ട (പത്തനംതിട്ട), കണ്ണനല്ലൂർ (കൊല്ലം), പന്തീരാങ്കാവ് (കോഴിക്കോട്), ഉടുമ്പൻച്ചോല (ഇടുക്കി) എന്നിവടങ്ങളിലേക്ക് 186 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചു. ഇതിനു പുറമേ 30 പേരെ സമീപ പോലീസ് സ്റ്റേഷനുകളിൽ നിന്നു പുനർവിന്യസിക്കും.

## കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017; ശില്പശാല ഇന്ന്

കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 സംബന്ധിച്ച് ഏകദിന ശില്പശാല ഇന്ന്(ജൂൺ 28) രാവിലെ 10ന് കാസർകോട് പുതിയ ബസ് സ്റ്റാൻഡ് സമീപത്തെ ഹോട്ടൽ സ്പീഡ് വേയിൽ നടക്കും. ഈ ആക്ടുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപാലിറ്റീസ് ആക്ട്, ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട് എന്നിവയിൽ വന്ന ഭേദഗതികൾ, മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ഉത്തരവുകളിലുായ ഭേദഗതികൾ എന്നിവയെ ആസ്പദമാക്കി ജില്ലയിലെ നഗരസഭ അധ്യക്ഷന്മാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭ-ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ഈ ആക്ടുമായി ബന്ധപ്പെട്ട് ജില്ലാതല സമിതി അംഗങ്ങളായ ഉദ്യോഗസ്ഥർ, ജില്ലയിലെ വ്യവസായ സംരംഭകർ, വ്യവസായ അസോസിയേഷനുകളുടെ ഭാരവാഹികൾ തുടങ്ങിയർക്കായാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ ജീവൻ ബാബു.കെ ഉദ്ഘാടനം നിർവഹിക്കും.

(തുടരും)

# മീറ്റപ് കഫേ ഇനി കാസർകോടും

കേരളസ്റ്റാർട്ട്പ്പ് മിഷൻ തിരുവനന്തപുരവും കൊച്ചിയിലും നടത്തുന്ന മീറ്റപ് കഫെ ഇനി കാസറകോടും. ബിസിനസ് രംഗത്തുമികവുതെളിയിച്ചവരും മികച്ച സ്റ്റാർട്ടപ്പുകളുടെ ഫൗർമാരും അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കു വെയ്ക്കാനുള്ള ഒരു പ്ലാറ്റ്ഫോം എന്ന രീതിയിലാണ് കേരള സ്റ്റാർട്ടപ് മിഷൻ മീറ്റപ് കഫെ ആവിഷ്കരിച്ചിരിക്കുന്നത്. സ്വയംസംരഭകത്വത്തിൽ താല്പര്യമുള്ള പുതുതായി എന്തെങ്കിലും ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുഭവങ്ങളുടെ വെളിച്ചത്തിൽ ആവശ്യമായ നിർദേശങ്ങളും സഹായങ്ങളും പരിചയസമ്പന്നരായ സംരഭകരിൽ നിന്നുംലഭിക്കും എന്നതാണ് മീറ്റപ് കഫെയുടെ മറ്റൊരു പ്രത്യേകത. എല്ലാമാസവും മീറ്റപ് കഫെ കാസർകോട് എഡിഷൻ എന്ന പേരിൽ കേരളസ്റ്റാർട്ടപ് മിഷന്റെ കാസർകോട് ഓഫീസിൽ മീറ്റപ്പുകൾ സംഘടിപ്പിക്കും. ജില്ലയിലെ യുവാക്കളെ ബിസിനസ് രംഗത്തേക്ക് ആകർഷിക്കാനും ബിസിനസ് രംഗത്തുള്ളവർക്ക് ബിസിനസ് മെച്ചപ്പെടുത്താനും ആവശ്യമായ സെഷനുകളാണ് മീറ്റപ് കഫേയിലുാകുക.

ജില്ലയിലെ ആദ്യമീറ്റപ് 'മീറ്റപ് കഫെ കാസറകോട് എഡിഷൻ' ജൂലൈ ഒന്നാം തീയതി രാവിലെ 10ന് ജില്ലാ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഓഫീസിൽ നടക്കും. എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കിയശേഷം അഗ്രിജൈവ പച്ചക്കറികൾ വീടുകളിൽ എത്തിക്കുന്ന ഫാർമേഴ്സ് ഫ്രഷ് സോൺ എന്ന സ്റ്റാർട്ടപ്പ് തുടങ്ങുകയും ഇപ്പോൾ കേരളത്തിൽ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പുകളിൽ ഒന്നുമായ ഫാർമേഴ്സ് ഫ്രഷ് സോണിന്റെ സ്ഥാപകൻ ദീപക് പുനർകയായിരിക്കും മീറ്റപ് കഫേയിലെ ആദ്യഅഥിതി. എയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റിനെക്കുറിച്ചും അഗ്രി ബിസിനസിന്റെ സാധ്യതകളെക്കുറിച്ചും പ്രദീപ് സംസാരിക്കും. ങ്കെടുക്കാൻ താല്പര്യമുള്ളവർ https://goo.gl/3r5Vfx എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുകയോ 7736495689 എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

# ജലജന്യരോഗങ്ങൾക്കെതിരെ മുൻകരുതലെടുക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ

മഴക്കാല രോഗങ്ങളിൽ ജലത്തിൽ കൂടി പകരുന്ന വയറിളക്കം, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവയുടെ കാര്യത്തിൽ ജനങ്ങൾ ശ്രദ്ധിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. മഴക്കാലമായതോടെ ജില്ലയിൽ വയറിളക്കരോഗങ്ങളുടെ എണ്ണത്തിൽ നേരിയ വർധനയുായിട്ടുന്നും ഡിഎംഒ അറിയിച്ചു.

ദഹനവ്യൂഹത്തെ ബാധിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നം ഉാക്കുന്നതാണു വയറിളക്കരോഗങ്ങൾ. അഞ്ചു വയസിനു താഴെയുള്ള കുഞ്ഞുങ്ങളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. യഥാസമയത്തു ശരിയായ രീതിയിലുള്ള പാനീയ ചികിത്സ നൽകുക വഴി 90 ശതമാനം വയറിളക്ക മരണങ്ങളും തടയാം. സാധാരണയിലും അയഞ്ഞ് ദ്രാവകരൂപത്തിൽ മൂന്നോ അതിൽ കൂടുതലോ തവണ മലവിസർജ്ജനം ഉാകുകയാണെങ്കിൽ അതിനെ വയറിളക്കം എന്നു പറയാം. പ്രധാനമായും വൈറസുകൾ, ബാക്ടീരിയകൾ, അമീബ തുടങ്ങിയ പരാദ ജീവികൾ മൂലമാണ് വയറിളക്കമുാകുന്നത്. ഈ രോഗാണുക്കൾ കുടിവെള്ളം വഴിയും ആഹാരത്തിൽ കൂടിയുമാണു ശരീരത്തിലെത്തുന്നത്. വയറിളക്കം നിർജ്ജലീകരണത്തിനു കാരണമാകുന്നു. കുഴിഞ്ഞു വര കണ്ണുകൾ, ഒരു വയസിന് താഴെയുള്ള കുഞ്ഞുങ്ങളിൽ താഴ്ന്ന ഉച്ചി, ഉണങ്ങിവര ചുും നാവും, അമിത ദാഹം, അളവിൽ കുറഞ്ഞ് കടുത്ത നിറത്തോടു കൂടിയ മൂത്രം, ക്ഷീണം, അസ്വസ്ഥത, മയക്കം തുടങ്ങിയവയാണ് നിർജ്ജലീകരണത്തിന്റെ ലക്ഷണങ്ങൾ. ഏതു വയറിളക്കവും അപകടകരമാകാം എന്നുള്ളതിനാൽ വയറിളക്കത്തിന്റെ ആരംഭം മുതൽ തന്നെ പാനീയ ചികിത്സ തുടങ്ങണം. പലപ്പോഴും 90 ശതമാനം വയറിളക്കരോഗങ്ങളും വീട്ടിൽ വച്ചുള്ള പാനീയ ചികിത്സകൊു ഭേദമാക്കാം. മാത്രമല്ല കൂടുതൽ നിർജ്ജലീകരണാവസ്ഥയിലേക്കും മരണത്തിലേക്കും നീങ്ങുന്നതിനെ തടയാനും കഴിയും. ചെറിയൊരു ശതമാനത്തിനു മാത്രമേ വിദഗ്ധ ചികിത്സയും ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും ആവശ്യമായി വരികയുള്ളൂ. ഒ.ആർ.എസ് മിശ്രിതമോ വീട്ടിൽ തയ്യാറാക്കാകുന്ന ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാവെള്ളം, തുടങ്ങിയവയെല്ലാം പാനീയ ചികിത്സക്കായി നൽകാം. സമീപത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും അങ്കണവാടിയിൽ നിന്നും ഒ.ആർ.എസ്.-സിങ്ക് പാക്കറ്റുകൾ ലഭിക്കും.

## നിർദേശങ്ങൾ

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കുക.

(തുടരും)

• ഭക്ഷണ സാധനങ്ങൾ ചൂടോടെ ഉപയോഗിക്കുക. പഴകിയതും തണുത്തതും തുറന്നു വച്ചതുമായ ഭക്ഷണ സാധനങ്ങൾ ഉപയോഗിക്കരുത്.

• വഴിയോര കച്ചവടക്കാരിൽ നിന്നും പാനീയങ്ങൾ വാങ്ങി ഉപയോഗിക്കാതിരിക്കുക, അല്ലെങ്കിൽ അവർ അണുവിമുക്തമാക്കിയ വെള്ളമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുക.

• ബേക്കറികൾ, ഹോട്ടലുകൾ എന്നിവ ഭക്ഷണ സാധനങ്ങൾ അടച്ചു സൂക്ഷിക്കുകയും ഉപയോഗിക്കുന്ന വെള്ളം അണുവിമുക്തമാകുകയും ചെയ്യുക.

• ഭക്ഷണത്തിനു മുൻപ് സോപ്പ് ഉപയോഗിച്ചു കൈകൾ വൃത്തിയായി കഴുകുക.

• മാലിന്യങ്ങൾ സുരക്ഷിതമായി നിർമാർജനം ചെയ്യുക.

• കുടിവെള്ള സ്രോതസുകൾ മലിനമാക്കാതിരുക്കുക; അണുനശീകരണം നടത്തുക.

• മലമൂത്ര വിസർജനം കക്കൂസിൽ മാത്രം നടത്തുക; മലമൂത്ര വിസർജനത്തിനു ശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുക.

• കിണറിനു ചുറ്റുമതിൽ കെട്ടുക; കിണർ വെള്ളം ഇടയ്ക്കിടെ ക്ലോറിനേറ്റ് ചെയ്യുക.

• ടാങ്കറുകളിലും മറ്റും എത്തിക്കുന്ന വെള്ളം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുക.

## നാലു വിജ്ഞാൻവാടികളിലേക്ക് കമ്പ്യൂട്ടർ ട്യൂട്ടർമാരെ നിയമിക്കുന്നു

കാസർകോട് ബ്ലോക്ക് പരിധിയിലെ നാല് വിജ്ഞാൻവാടികളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിന് കമ്പ്യൂട്ടർ ഇന്റർനെറ്റ് പരിജ്ഞാനമുള്ള എസ് എസ് എൽ സി കഴിഞ്ഞ പട്ടികജാതി യുവതീ യുവാക്കളെ 5000 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ട്യൂട്ടറായി നിയമിക്കുന്നു. മൊഗ്രാൽ പുത്തൂർ പെർണടുക്ക, ബദിയടുക്ക യിലെ പെരിയടുക്ക, കുമ്പളയിലെ കിദൂർ കുങ്കരടുക്ക, ചെങ്കള കെ കെ പുറം എന്നീ കോളനികളിലെ വിജ്ഞാൻവാടികളിലേക്കാണ് ട്യൂട്ടർമാരെ വേത്. അതാത് കോളനിയിലുള്ളവർക്ക് മുൻഗണന.

വിജ്ഞാൻവാടികളിൽ പത്രങ്ങൾ, പുസ്തകങ്ങൾ, തൊഴിൽ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ പരിപാലിക്കുക, കമ്പ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നിന് സഹായിക്കുക തുടങ്ങിയവയാണ് ട്യൂട്ടറുടെ പ്രധാന ചുമതല. വൈകുന്നേരം നാലു മുതൽ ഏഴ് വരെയാണ് ജോലി സമയം. അവധി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ യും. വെള്ളിയാഴ്ച അവധിയായിരിക്കും. ജൂലൈ രിനകം വിദ്യാനഗർ അണങ്കൂർ സ്കൗട്ട് ഭവന് സമീപ മുള്ള പട്ടികജാതി വികസന ഓഫീസിൽ നേരിട്ട് അപേക്ഷ നൽകണമെന്ന് പട്ടികജാതി വികസന ഓഫീസർ അ റയിച്ചു.

## പഞ്ചായത്ത് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ് ഉദ്ഘാടനം 29 ന്

പഞ്ചായത്ത് എംപ്ലോയീസ് റിക്രിയേഷൻ ക്ലബിന്റെ ഉദ്ഘാടനവും അംഗത്വവിതരണവും ഈ മാസം 29 ന് വൈകിട്ട് 3.30ന് ജില്ലാ കളക്ടർ ജീവൻബാബു.കെ നിർവഹിക്കും. കാസർകോട് മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എൻ.പ്രദീപ്കുമാർ അധ്യക്ഷതവഹിക്കും. തുടർന്ന് ഫുട് ബോൾ ലോകകപ്പുമായി ബന്ധപ്പെട്ട് അർജ്ജീന-ബ്രസീൽ ടീമിന്റെ ജേഴ്സിയണിഞ്ഞ ജീവനക്കാരുടെ ഡ്രീം ഫൈനൽ മത്സരവും വനിതകൾക്കായി ത്രോ ബോൾ മത്സരവും നടക്കും.

ജില്ലയിലെ പഞ്ചായത്ത്വകുപ്പ് ജീവനക്കാരുടെ ക്ഷേമത്തിനും കലാ സാംസ്കാരിക കായികകഴിവുക ളെ പ്രോത്സാഹിപ്പിക്കുന്നതിനും വേിയാണ് പഞ്ചായത്ത് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ് രൂപികരിക്കുന്നത്.

## എംപി ഫിൽ നിന്ന് റോഡുകൾക്ക് 11 ലക്ഷം രൂപ അനുവദിച്ചു

പി.കരുണാകരൻ എംപിയുടെ പ്രാദേശിക വികസന നിധിയിൽ നിന്നു കയ്യൂർ-ചീമേനി ഗ്രാമപഞ്ചായ ത്തിലെ കുന്നുംകിനാറ്റിൻകര-പുല്ലാഞ്ഞിപ്പാറ-നാലിലാംകം-കല്ലഞ്ചിറ റോഡ് ടാർ ചെയ്യുന്നതിന് ആറു ലക്ഷം രൂപയും കാഞ്ഞങ്ങാട് നഗരസഭയിലെ ഐങ്ങോത്ത് എച്ച്എച്ച് പടന്നക്കാട്-സ്നേഹവീട് റോഡ് നിർമ്മാണത്തി ന് അഞ്ചു ലക്ഷം രൂപയും അനുവദിച്ചു. പദ്ധതികൾക്ക് ജില്ലാ കളക്ടർ ജീവൻബാബു.കെ ഭരണാനുമതി നൽകി.

(തുടരും)

# 11-ാം ക്ലാസ് പ്രവേശനം

പെരിയ ജവഹർ നവോദയ വിദ്യാലയത്തിൽ 2018-19 അധ്യയന വർഷത്തിൽ 11-ാം ക്ലാസിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി ലാറ്ററൽ എൻട്രി പ്രവേശനത്തിനുള്ള അപേക്ഷ www.nvshq.org എന്ന വെബ് സൈറ്റിൽ ഓൺലൈനായി സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ അഞ്ച് . അപേക്ഷകർ ജില്ലയിൽ 2017-18 അധ്യയന വർഷത്തിൽ ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത വിദ്യാലയത്തിൽ നിന്നും 10ാം ക്ലാസ് പാസായവരും 01.06.2000-31.05.2004 നും ഇടയിൽ ജനിച്ചവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04672234057

# ലേലം 30ന്

മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം ഭാഗികമായി പൊളിച്ചുനീക്കുന്നതിനുള്ള ലേലം ഈ മാസം 30ന് രാവിലെ 11 പഞ്ചായത്ത് ഓഫീസിൽ നടക്കും. ലേലത്തിൽ പങ്കെടുക്കുന്നതിനും, കെട്ടിടം പൊളിച്ചു സാധനസാമഗ്രികൾ നീക്കം ചെയ്യുന്നതിനും താത്പര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർ ലേലസമയത്ത് പഞ്ചായത്ത് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾ മടിക്കൈ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0467-2240680

# ഗവ.കോളജിൽ അധ്യാപക ഒഴിവ്

കാസർകോട് ഗവ.കോളജിൽ 2018-19 അധ്യയന വർഷത്തിലേക്ക് ഫിസിക്സ് വിഷയത്തിൽ ഗസ്റ്റ് അധ്യാപകരുടെ ഒഴിവ്. 55 ശതമാനം മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദവും നെറ്റും പാസായവർക്ക് അപേക്ഷിക്കാം. നെറ്റ് യോഗ്യരായവരുടെ അഭാവത്തിൽ ബിരുദാനന്തര ബിരുദക്കാരേയും പരിഗണിക്കും. കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്ത യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ രിന് രാവിലെ 10.30ന് പ്രിൻസിപ്പാൾ മുമ്പാകെ തിരിച്ചറിയൽരേഖ ഉൾപ്പെടെ ഹാജരാകണം: ഫോൺ: 04994 256027.

# ലേലം ജൂലൈ മൂന്നിന്

എംഎസിടി കുടിശിക വസൂൽ ചെയ്യുന്നതിനായി ജപ്തി ചെയ്ത ടെലിവിഷൻ, സ്റ്റെബിലൈസർ, ഫൈബർ കസേര എന്നിവയുടെ ലേലം ജൂലൈ മൂന്നിന് രാവിലെ 11ന് പുല്ലൂർ വില്ലേജ് ഓഫിസിൽ നടക്കും. ഫോൺ: 0467 2204042, 8547617409

# ശക്തമായ കാറ്റിന് സാധ്യത; മത്സ്യത്തൊഴിലാളികൾ ശ്രദ്ധിക്കുക

അടുത്ത 24 മണിക്കൂറിൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ പടിഞ്ഞാറുനിന്നു മണിക്കൂറിൽ 35 മുതൽ 45 കിലോ മീറ്റർ വേഗതയിലും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വേഗതയിലും കാറ്റടിക്കുവാൻ സാധ്യതയു്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ കടൽ പ്രക്ഷുബ്ധമാകുവാൻ സാധ്യതയു്. ഈ തീരങ്ങളിൽ നിന്ന് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ജാഗ്രതപാലിക്കണമെന്ന് കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു.

ഫോട്ടോ അടിക്കുറിപ്പ് മാത്രം:

എക്സൈസ്:-

കാസർകോട് പെർള എക്സൈസ് ചെക്ക്ലിസ്റ്റ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പി.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

(അവസാനിച്ചു)